MAY 1992
TRICHUR

കേരള സർക്കാർ

സംഗ്രഹം

വനം വകുപ്പ് – ചൂരൽ ശേഖരണം – വിവിധ റെയിഞ്ചുകളിൽ ലഭ്യമായ ചൂരൽ ശേഖരിക്കുന്നതിന് കേരള പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷനെ 1992 കാലഘട്ടത്തിലേയ്ക്കു കൂടി ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം, വന്യജീവി (ഡി) വകുപ്പ്

സർക്കാർ ഉത്തരവ് (സാധാ) 150/92/വനം, തിരുവനന്തപുരം, 20.4.92.

---

പരാമർശം: 1. സ.ഉ.(സാധാ) 297/90/വനം. തീയതി 10.7.90.
2. 28.7.92-ലെ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ സി1-31963/88 നം. കത്ത്.

## ഉത്തരവ്

പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം കേരള പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷനെ തൽക്കാലം ഒരു വർഷത്തേയ്ക്കു ചൂരൽ ശേഖരണ ചുമതല ഏൽപ്പിച്ചിരിക്കുന്നു. ചൂരൽ ശേഖരണം പൊതുവേ തൃപ്തികരമായിരുന്നു എന്നും അതിന്റെ അടിസ്ഥാനത്തിൽ ചില നിബന്ധനകൾക്കു വിധേയമായി ഓരോ ഡിവിഷനിലും ശേഖരിക്കാവുന്ന ചൂരലിന്റെ എണ്ണം കാണിച്ചുകൊണ്ട് 91-92 ലും കേരള പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണ സംഘത്തെ ചൂരൽ ശേഖരണം ഏൽപ്പിക്കുവാൻ പരാമർശം രണ്ടു മുഖേന ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ശുപാർശ ചെയ്തിരിക്കുന്നു.

ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ശുപാർശ സർക്കാർ വിശദമായി പരിശോധിക്കുകയും അതിൻപ്രകാരം താഴെ പറയുന്ന നിബന്ധനകൾക്കു വിധേയമായി തൽക്കാലം ഒരു വർഷത്തേയ്ക്കു കൂടി (1992) ചുവടെ സൂചിപ്പിച്ചിട്ടുള്ള ഫോറസ്റ്റ് ഡിവിഷനുകളിൽ നിന്നും ചൂരൽ ശേഖരിക്കുന്നതിനുള്ള ചുമതല കേരള പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷനെ ഏൽപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | | |
|---|---|---|
| തെന്മല ഡിവിഷൻ | – | 85000 എണ്ണം |
| റാന്നി | – | 100000 ,, |
| നിലമ്പൂർ സൗത്ത് ഡിവിഷൻ | – | 60000 ,, |
| മണ്ണാർക്കാട് ഡിവിഷൻ | – | 90000 ,, |

1. ചൂരൽ ശേഖരണം സംബന്ധിച്ച് വർക്കിംഗ് പ്ലാൻ നിർദ്ദേശങ്ങളും സിൽവികൾച്ചറൽ തത്വങ്ങളും പാലിച്ചുകൊണ്ട് വനം വകുപ്പുദ്യോഗസ്ഥൻമാരുടെ കർശന നിയന്ത്രണത്തിൽ ചൂരൽ സുലഭമായിട്ടുള്ള മേലുദ്യോഗസ്ഥൻമാരുടെ മേലുദ്ധരിച്ച നാല് ഡിവിഷനുകളിൽ നിന്നും പ്രത്യേക ഉടമ്പടി വച്ച് മാത്രമേ ചൂരൽ ശേഖരിക്കാൻ അനുവദിക്കൂ.

......2/-

A1



2) വനംവകുപ്പ് തയ്യാറാക്കുന്ന വാല്യുവേഷൻ തുകയുടെ 10% സെക്യൂരിറ്റിയായി അടയ്ക്കേണ്ടതും ശേഖരിക്കുന്ന ചൂരൽ നീക്കം ചെയ്യുവാൻ പാസ്സിന് അപേക്ഷിക്കുമ്പോൾ ആ സമയം നിലവിലുള്ള മുഴുവൻ സീനിയറേജ് വിലയും നികുതിയും അടയ്ക്കേണ്ടതാണ്.

3) ചൂരൽ ശേഖരിക്കുന്നതിന് അനുമതിക്കപ്പെട്ടിട്ടുള്ള സംഘങ്ങൾ നൽകുന്ന ഫോട്ടോ പതിച്ച ഐഡന്റിറ്റി കാർഡ് കൈവശമുള്ള പട്ടികവർഗ്ഗ പട്ടികജാതി തൊ ലാളികൾ മാത്രമേ ചൂരൽ ശേഖരണത്തിൽ ഏർപ്പെടാവൂ.

(ഒപ്പ്) ഗവർണറുടെ
ഉത്തരവിൻപ്രകാരം
കമ്മീ. അൻറു സെക്രട്ടറി.

മുഖ്യവനപാലകൻ (വികസനം), തിരുവനന്തപുരം.

/ശരിപ്പകർപ്പ്/

മേലെഴുത്ത് നം. സി1/31963/88.

ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ
ആഫീസ്, തിരുവനന്തപുരം,
തീയതി: 30.4.92.

പകർപ്പ്: എല്ലാ ഫോറസ്റ്റ് കൺസർവേറ്റർമാർക്കും അയയ്ക്കുന്നു.

പകർപ്പ്: തെന്മല, റാന്നി, മണ്ണാർക്കാട്, നിലമ്പൂർ എന്നീ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്ക് അനന്തര നടപടിയ്ക്കായി അയയ്ക്കുന്നു.

പകർപ്പ്: സ്റ്റോക്ക് ഫയലിലേയ്ക്ക് / എം.എഫ്.പി. ഫയലിലേയ്ക്ക്

(signature)

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്കു
വേണ്ടി